# ജാമക്കാരൻ
# JAMAKKARAN

ജാ മ ക്കാ ര ൻ JAMAKKARAN

**VOLUME - 6** **Reg NO.TNBIL/2016/70171** **ISSUE - 12**

**DECEMBER - 2022 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**


**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)

പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15)

(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333**


കർത്താവിൽ പ്രിയരെ,



നിങ്ങൾ എല്ലാപേർക്കും സമാധാനം ഉണ്ടായിരിക്കുമാറാകട്ടെ. കഴിഞ്ഞ വർഷവും കഴിഞ്ഞ മാസങ്ങളിലും നടന്ന എല്ലാ യോഗങ്ങളെയും ദൈവം അനുഗ്രഹിച്ചു.

- ഇതുവരെ നിങ്ങൾ അയച്ച എല്ലാ പണവും തെറ്റാതെ എനിക്കു കിട്ടി. തുടർന്നു മാസിക നടത്താനും ദൈവവേല ചെയ്യാനും ആ പണം വളരെ പ്രയോജമായി ഉണ്ടായിരുന്നു.
- കഴിഞ്ഞ 2022 സെപ്തംബർ മാസം തുടങ്ങി പല സംസ്ഥാനങ്ങളിലുമുള്ള വിവിധ സഭകളിൽ കർത്താവിന്റെ വചനത്തെ പ്രസംഗിക്കുവാൻ കർത്താവ് എനിക്കു കൃപ ചെയ്തു

## ദൈവവേല ചെയ്ത സ്ഥലങ്ങൾ

ബാംഗ്ലൂർ, കോട്ടയം, മഹാരാഷ്ട്ര (ബാങ്ങുപ്പ്), വയനാട്, നിലമ്പൂർ ആദിവാസികളുടെയിടയിലെ ദൈവവേല, ചെന്നൈ, ജയ്നഗർ (ബാംഗ്ലൂർ), ഇളംതോപ്പ് (മധുര), തൂത്തുക്കുടി (പിച്ചിവിളൈ,

കന്യാകുമാരി ഡിസ്ട്രിക്ട്), കുലശേഖരം, തിരുനെൽവേലി എൻ.ജി.ഒ. കോളനി തുടങ്ങിയ സ്ഥലങ്ങളിലുള്ള സി.എസ്.ഐ., മെതഡിസ്റ്റ്, സാൽവേഷൻ ആർമി സഭായോഗങ്ങളിലും കർത്താവിന്റെ വചനം പങ്കുവെക്കാൻ അനുവദിച്ച ദൈവത്തെ ഞാൻ സ്തുതിക്കുന്നു.

കൊറോണാരോഗം സൗഖ്യമായശേഷം ദൈവം എന്നെ വീണ്ടും നേരത്തേ ഉപയോഗിച്ചതുപോലെ ദൈവവേല ചെയ്യുവാൻ കൃപ നല്കി എന്നുള്ളതിനുവേണ്ടി ദൈവത്തെ ഞാൻ സ്തുതിക്കുന്നു. ഓരോ സ്ഥലത്തും നടന്ന അത്ഭുതങ്ങൾക്കുവേണ്ടി, ജനങ്ങൾ മാനസാന്തരപ്പെട്ട തിനുവേണ്ടി, ദൈവത്തിനു ഞാൻ കോടാനുകോടി സ്തോത്രം ചെയ്യുന്നു. അതു മാത്രമല്ല ഇത്ര ദൂരം ഞാൻ യാത്ര ചെയ്തു. യാത്രയിൽ ഈ 83–ാം വയസ്സിൽ സാധാരണയായി വരുന്ന ബലഹീനതകളോ അസുഖങ്ങളോ ഉണ്ടാകാതെ, താമസിച്ച പുതിയ പുതിയ സ്ഥലങ്ങളിൽ എനിക്കു ജലദോഷമോ വയറ്റിൽ പ്രയാസങ്ങളോ ബലഹീനകളോ ഒന്നും ഉണ്ടാകാതെ കൃപയായി കാത്തു സംരക്ഷിച്ച എന്റെ രക്ഷിതാവും എന്റെ പിതാവുമായ യേശുക്രിസ്തുവിനു സ്തുതിയും മഹത്വവും കൊടുക്കുന്നു.

ഇനി നടക്കുന്ന യോഗങ്ങൾക്കുവേണ്ടിയും നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ

1. ഊട്ടി (മേട്ടുപാളയം സി.എസ്.ഐ.)
2. ശിവകാശി (റാക്ക് ലാൻഡ് സി.എസ്.ഐ.)
3. കോയമ്പത്തൂർ ക്രൈസ്റ്റ് ചർച്ച് സി.എസ്.ഐ.
4. തൂത്തുക്കുടി ഡുബിപുരം സി.എസ്.ഐ.
5. നായ്നൂർ (തൂത്തുക്കുടി ഡിസ്ട്രിക്ട്) ഉപവാസയോഗങ്ങൾ
6. സി.എം.എസ്. തൂത്തനാംഗസഭ (സായർപുരം)
7. മധുര – കാളവാസൽ സി.എസ്.ഐ.
8. കോയമ്പത്തൂർ അമ്മൻകുളം സി.എസ്.ഐ.
9. ബാംഗ്ലൂർ

ഇനിയും പല സ്ഥലങ്ങളിൽ യോഗങ്ങൾ തീയതികൾ വിഷയമായി

എഴുത്തുകുത്തുകൾ നടക്കുന്നു. വടക്കേ ഇന്ത്യയിൽ നടക്കുന്ന എന്റെ യോഗങ്ങളെയും നിങ്ങൾ പ്രാർത്ഥനയിൽ ഓർക്കണം.

- ഈ മാസ ആത്മീക ചിന്താവിഷയത്തിനു ലോകപ്രകാരമായ ആഴ്ചപ്പതിപ്പ് എഡിറ്റർ മനോവേദനയോടെ എഴുതിയ വാർത്തകളെ (എഡിറ്റോറിയൽ) അതുപോലെ പരസ്യപ്പെടു ത്തുന്നു. വായിച്ചു നോക്കുവിൻ. ഇപ്പോഴത്തെ സ്കൂൾ കോളേജ് പെൺ – ആൺ കുട്ടികളുടെ സ്ഥിതി വളരെ മോശമായിരിക്കുന്നു.

## നിങ്ങളുടെ കുട്ടികളോടു മനസ്സ് തുറന്ന് സംസാരിച്ചത് എപ്പോൾ

ചില ആഴ്ചകൾക്കുമുമ്പ് പത്രത്തിൽ വന്ന വാർത്ത ഞങ്ങളുടെ ഹൃദയത്തെ ഞെട്ടിച്ചു. ബാംഗ്ലൂർ സ്കൂൾ കുട്ടികളുടെ ബാഗ് പരിശോധിച്ചപ്പോൾ കിട്ടയ സാധനങ്ങൾ. അതു കണ്ടാൽ അവരെ പ്രസവിച്ച അമ്മമാരുടെ ഹൃദയങ്ങൾ തീ കത്തി എരിയും. 6–ാം ക്ലാസ് പയ്യന്റെ ബാഗിൽ സിഗററ്റ് പാക്കറ്റ് ലഹരിക്കുന്ന ഉണ്ടാക്കുന്ന പാക്കുകൾ രണ്ടു മൂന്ന് ബണ്ടിൽ രൂപാ നോട്ടുകൾ (കറൻസി). പല ഹൈസ്കൂൾ പെൺകുട്ടികളുടെ ബാഗിൽ ഗർഭം ഉണ്ടാകാതിരിക്കാൻ ഉപയോഗിക്കുന്ന കോണ്ടം (Condam), ഗർഭം ഉണ്ടാകാതിരിക്കാനുള്ള ഗുളികകളും ഉണ്ടായിരുന്നു. പിന്നെ സോഫ്റ്റ് ഡ്രിംഗ്സ് കുപ്പികളിൽ മദ്യം കലർത്തിയിരുന്നത് കണ്ടുപിടിച്ചു. ഇതു കർണ്ണാടകത്തിൽ തന്നെ സംഭവിച്ചു എന്നു നാം വെറുതേ കളയാൻ പാടില്ല. തമിഴ്നാട്ടിലും കേരളത്തിലും ചില വർഷങ്ങൾക്കു മുൻപ് യുവാക്കളുടെയും യുവതികളുടെയും കയ്യിൽ ഇതുപോലുള്ള സാധനങ്ങൾ ധാരാളം ഉണ്ടായിരുന്നു. മതാപിതാക്കൾ ആരും ഇതിനെ ശ്രദ്ധിച്ചില്ല. മദ്യപിക്കുന്ന ക്ലബുകളിൽ കോളേജ് പെൺകുട്ടികൾ ധാരാളം വന്നുപോകുന്നു. തമിഴ്നാട്ടിൽ മധുര സ്കൂൾ കുട്ടികളുടെ പുസ്തകങ്ങളുടെ ഉള്ളിൽ വലിയ കത്തികൾ പൊതിഞ്ഞു വച്ചിരിക്കുന്നു. ഇതുപോലെ പെട്ടെന്നുള്ള പരിശോധനകൾ നടത്തിയാൽ പല തെറ്റുകൾ തടയാൻ സാധിക്കും. പക്ഷെ ഇതുപോലെ പരിശോധന കൊണ്ടുമാത്രം ഇതിനെ ശരിയാക്കാൻ സാധിക്കില്ല.

കുട്ടികളുടെ ഇതുപോലെയുള്ള ചില സ്വഭാവങ്ങൾക്കു മാതാപിതാക്കളും കാരണം എന്നു സമ്മതിക്കണം. നമ്മുടെ കുട്ടികൾ എന്തുചെയ്യുന്നു എവിടെ

പോകുന്നു എന്നു പല മാതാപിതാക്കൾക്കും അറിയില്ല. എന്റെ മകൻ തെറ്റു ചെയ്യില്ല എന്റെ മകൾ ഞാൻ വരച്ച വര കടന്നുപോകില്ല എന്നു പലരും വിശ്വസിക്കുന്നു. പക്ഷെ നമ്മുടെ കുട്ടികളുടെ ലോകം വളരെ വ്യത്യാസമായത് അവരുടെ ലോകത്തിൽ നാം ആരും ചെല്ലുന്നില്ല.

പലരും മണിക്കൂറുകൾ ഓഫീസിലും സ്നേഹിതന്മാരുടെ അടുക്കലും ചിലവഴിക്കുന്നു. എന്നാൽ തങ്ങളുടെ കുഞ്ഞുങ്ങളുടെ അടുക്കൽ സമയം ചിലവഴിക്കുന്നില്ല. ദയവായി ചിന്തിക്കണം. വിദ്യാഭ്യാസം കച്ചവടമായശേഷം, സൽസ്വഭാവം കുട്ടികളോടു ഉപദേശിക്കുന്നതു അദ്ധ്യാപർക്കില്ല. നാളത്തെ ലോകത്തെ ഭരിക്കാൻ പോകുന്നത് നമ്മുടെ സന്തതിയാണ്. അവരുടെ തലച്ചോറിൽ വിഷം കേറാൻ പാടില്ല. ഇത് നമ്മുടെ കുടുംബത്തിന്റെ പ്രശ്നം മാത്രമല്ല നമ്മുടെ സാമൂഹിക കടമയും ആകുന്നു.

## വീഡിയോ ഗെയിം

മുകളിൽ വായിച്ചതു നമ്മുടെ നാട്ടിൽ നടക്കുന്ന വാർത്തകൾ ആകുന്നു. പക്ഷെ നമ്മുടെ ക്രിസ്തീയ സഭകളിലും കുടുംബങ്ങളിലും മയക്കു മരുന്നിനു അടിമകൾ ആയവർ ധാരാളം പേരുണ്ട്. നമ്മുടെ കുട്ടികളുടെ എല്ലാപേരുടെ കയ്യിലും മൊബൈൽ, കമ്പ്യൂട്ടർ, ലാപ്ടോപ്പ് എല്ലാം ഉണ്ട്. ഇതിൽ എല്ലാറ്റിലും ചൈനയിലെ ക്രൂരതകൾ, ചൂതാട്ടകളികൾ എല്ലാം കളിച്ചുകൊണ്ടിരിക്കുന്നു. ഇതു മയക്കു മരുന്നിനെക്കാൾ വലിയ അഡിക്ഷൻ ഉണ്ടാക്കുന്ന കളി ആകുന്നു.

ഞാൻ പോയിട്ടുവന്ന എല്ലാ സംസ്ഥാനങ്ങളിലും ഉള്ള ക്രൈസ്തവ സഭകളിൽ മാതാപിതാക്കൾ കണ്ണുനീരോടു പ്രാർത്ഥിക്കുന്ന പ്രാർത്ഥനാവിഷയം ഞങ്ങളുടെ മക്കളെ വിടുവിക്കണമെ, രക്ഷിക്കണമെ എന്നായിരുന്നു.

കുട്ടികൾക്കു മൊബൈൽ വാങ്ങിക്കൊടുത്തതു മുതൽ പുത്രൻ മുറിക്കു പുറത്തു വരുന്നില്ല, കളിക്കുന്നില്ല, തല ചീകുന്നില്ല, ആഹാരം കഴിക്കുന്നതുപോലും മറന്നുപോകുന്നു. വീഡിയോ ഗെയിമിൽ മയങ്ങിക്കിടക്കുന്ന അവർ ഗെയിം കളിക്കാൻ തുടങ്ങിയാൽ വന്ന് പോകുന്നവർ ആര് അടുത്തു നില്ക്കുന്നവർ ആര് എന്ന് അറിയാൻ കഴിയില്ല. മാത്രമല്ല സ്വന്തം വീട്ടിലുള്ളവരോടു സംസാരിക്കുന്നില്ല. സൂര്യപ്രകാശം കാണാൻ ഇഷ്ടപ്പെടുന്നില്ല. വീട്ടിൽ ബന്ധുക്കളെ, മറ്റുള്ളവരെ കാണാൻ ഇഷ്ടപ്പെടുന്നില്ല.

ചിരിക്കുന്നില്ല ഭ്രാന്തന്മാരെപ്പോലെ കാണപ്പെടുന്നു. കഴിഞ്ഞ ഡിസംബർ മാസം പ്ലസ് വൺ പഠിക്കുന്ന പയ്യൻ വലിയ പണക്കാരന്റെ വീട്ടിലെ പയ്യനാണ്. സ്കൂളിൽ പോയിട്ട് 3 ദിവസങ്ങളായി വീട്ടിൽ വന്നില്ല. മാതാപിതാക്കൾ പോലീസിൽ പരാതിപ്പെട്ടു. സ്കൂളിൽ പോകുന്ന വഴിയിൽ ഒരു തോടിന്റെ അടുത്ത് മുള്ളുകൾ നിറഞ്ഞ ഒരു മറവായിട്ടുള്ള സ്ഥലത്തിരുന്ന് മൊബൈയിൽ വീഡിയോ ഗെയിം കളിച്ചുകൊണ്ടിരിക്കുന്നു. 3 ദിവസം മൊബൈൽ ചാർജ്ജ് പോയാൽ ചാർജ്ജ് ചെയ്യാനുള്ള ചാർജ്ജറും കയ്യിൽ ഉണ്ട്. അതുവച്ച് അവൻ കളിച്ചുകൊണ്ടിരിക്കുന്നു. റോഡിൽ പോകുന്ന ചിലർ അവനെ കണ്ട് അന്വേഷിച്ചപ്പോൾ അവൻ ദേഷ്യത്തോടു ആരും എന്നോടു ചോദ്യങ്ങൾ ചോദിക്കരുത് നിങ്ങളുടെ ജോലി നോക്കിപ്പോ എന്നുപറഞ്ഞു. ഒരാൾ മാത്രം അവന്റെ അടുത്തു ചെന്ന് അവന്റെ ബാഗ് പരിശോധിച്ചു അവന്റെ പേരും സ്കൂളും കണ്ടുപിടിച്ചു. സ്കൂൾ അധികൃതരോടു പേരു പറഞ്ഞു അന്വേഷിച്ചപ്പോൾ, ടീച്ചർ മൂന്ന് ദിവസമായി അവൻ ക്ലാസിൽ വന്നില്ല എന്നു പറഞ്ഞു. ടീച്ചർ വീട്ടുകാരെ അറിയിച്ചു. പയ്യനെ പോലീസ് വന്ന് കൂട്ടിക്കൊണ്ടുപോയി. മാതാപിതാക്കൾ അവന് വാങ്ങിക്കൊടുത്ത വിലകൂടിയ സൈക്കിൾ ആ സ്ഥലത്തിനു താഴെ കിടക്കുന്നതുകണ്ടു. ആ പയ്യനെ പിടിച്ചു വീട്ടിൽ കൊണ്ടുപോകുമ്പോൾ അവൻ ചോദിച്ച ചോദ്യം ഇത് ഏതു ദിവസം എന്നാണ് ഉറക്കമോ ആഹാരമോ ഇല്ലാതെ രണ്ടു രാത്രികൾ അവൻ ഗെയിമിൽ ലയിച്ചിരുന്നു.

ദി ഹിന്ദു പത്രത്തിൽ ഈ വാർത്ത ചെറുതായി പരസ്യപ്പെടുത്തി യിരുന്നു. പക്ഷെ ഞാൻ പറയുന്നു ഇങ്ങനെയുള്ള പ്രശ്നങ്ങളെ ഒന്നാമത്തെ പേജിൽ വലിയ അക്ഷരത്തിൽ പരസ്യപ്പെടുത്തണം. കാരണം ഭൂരിപക്ഷം വീടുകളിലെ കുട്ടികളിൽ ഇതുപോലുള്ള പ്രശ്നങ്ങൾ വർദ്ധിക്കുന്നു. ഓരോരോ മാതാപിതാക്കളും ചിന്തിക്കണം. പണക്കാരായ മാതാപിതാക്കൾ മക്കളോടു സംസാരിക്കാൻ ഇഷ്ടപ്പെടുന്നില്ല. പണം ചോദിച്ചു ശല്യപ്പെടുത്താതിരിക്കാൻ ക്രെഡിറ്റ് കാർഡുകൾ കൊടുത്തു വിടുന്നു. വലിയ പണക്കാരുടെ മക്കൾ പണിക്കാരികളാൽ വളർത്തപ്പെടുന്നു.

മാതാപിതാക്കൾ മക്കളോടു ദേഷ്യത്തോടു സംസാരിച്ചാൽ നിങ്ങൾ യോഗ്യനോ ഡാഡി? മമ്മിയും നിങ്ങളും അതിരാവിലെ തുടങ്ങി വഴക്കിടുന്നതു

ആദ്യം നിർത്തണം. ഞങ്ങൾ ഉറങ്ങി ഉണരുമ്പോൾ നിങ്ങളുടെ ശബ്ദമാണ് ഞങ്ങളുടെ സമാധാനത്തെ നശിപ്പിക്കുന്നത്. നിങ്ങൾ വഴക്കിടുന്ന ശബ്ദം കാരണം ഞങ്ങൾക്കു പഠിത്തത്തിൽ ശ്രദ്ധ കിട്ടുന്നില്ല. ഇങ്ങനെ പറയുന്ന കുട്ടികൾ പല വീടുകളിൽ കാണുന്നു.

ഇതു കൂടുതലാകുന്ന സാഹചര്യത്തിൽ കുട്ടികളുടെ പ്രശ്നം ശരിയാക്കുവാൻ മാനസിക ഡോക്ടർമാരെ തേടുന്നു. എന്തുകൊണ്ട് ഈ വേദന? അങ്ങനെ മാതാപിതാക്കൾ ഡോക്ടറുടെ അടുത്തു കൊണ്ടുപോയാലും ചികിത്സിച്ചാലും കുഞ്ഞുങ്ങൾ സഹകരിക്കുന്നില്ല. ആത്മഹത്യ ചെയ്യും എന്നു ഭീഷണിപ്പെടുത്തുന്നു. രാത്രി ഉറക്കമില്ലായ്മ പകലിലും ഉറക്കമില്ല. ഇതിന്റെ അവസാനം റോഡിൽ കുട്ടികൾ അനാഥരെപ്പോലെ നടക്കുന്നു. ഇങ്ങനെയുള്ള കുട്ടികൾ ഭ്രാന്തന്മാരാകുന്ന സ്ഥിതി വേഗത്തിൽ സംഭവിക്കും. മാതാപിതാക്കൾ സമാധാനം നഷ്ടപ്പെട്ട് രാത്രിയും പകലും കരഞ്ഞുകൊണ്ടിരിക്കുന്നു. പല മാതാപിതാക്കൾക്ക് രാത്രി ഉറക്കഗുളിക ഇല്ലാതെ ഉറക്കം വരുന്നില്ല. ഡോക്ടറായ ഞാൻ ഇങ്ങനെയുള്ളവർക്കു ചില ആലോചനകൾ പറയാൻ ആഗ്രഹിക്കുന്നു. ഡൽഹിയിൽ നിന്നു കന്യാകുമാരി വരെ മയക്കുമരുന്നിനും വീഡിയോ ഗെയിമിനും അടിമകളായ കുട്ടികൾക്ക് മാനസികാരോഗ്യ ആശുപത്രികളിലും മെഡിക്കൽ കോളേജിലും പ്രത്യേക മുറികൾ ക്രമീകരിച്ചിരിക്കുന്നു. ബാംഗ്ലൂരിൽ ഏഷ്യയിലെ ഏറ്റവും പ്രശസ്തമായ ആശുപത്രിയിൽ ഇതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്തിരിക്കുന്നു.

മയക്കുമരുന്നിനും വീഡിയോഗെയിമിനും അഡിക്റ്റായ കുട്ടികളെ ചികിത്സിക്കണമെങ്കിൽ അവരുടെ ഒരു വർഷത്തെ പഠനം നഷ്ടപ്പെടും. ഇങ്ങനെയുള്ള കുട്ടികളുടെ തലച്ചോറിലെ വീഡിയോഗെയിമിനോടുള്ള അമിത താല്പര്യമുള്ള സ്വഭാവത്തെ നീക്കുവാൻ ചില ദിവസങ്ങൾ ആഴമായ ഉറക്കത്തിൽ ആക്കും. അതോടൊപ്പം ചികിത്സയും ചെയ്യും. ഈ ചികിത്സ ജയം കൊടുക്കുന്നു. ഈ ചികിത്സക്കുശേഷം ദേഷ്യം, ക്രൂരസ്വഭാവം ഇതെല്ലാം മാറി വളരെ ശാന്തസ്വഭാവക്കാരായി മാറുന്നു. അതുകൊണ്ടു നേരത്തെ മാതിരി ചിരിക്കുന്നില്ല, തമാശ, കളി ഇതൊന്നും അവരിൽ കാണുന്നില്ല. സ്വന്തം വീട്ടിൽ ഉള്ളവരോടു ഇടപെടുന്നതും കുറയുന്നു. നടന്നുപോകുന്ന ശവംപോലെ വീട്ടിൽ ഇരിക്കുന്നു. അങ്ങനെയുള്ള ചിലർക്കുവേണ്ടി നേരിൽ പ്രാർത്ഥിക്കാൻ പോയി.

അവരോടു ഞാൻ എത്ര ചോദ്യങ്ങൾ ചോദിച്ചിട്ടും മറുപടി ഇല്ല. അവരുടെ സന്തോഷം മറന്നുപോയി. പുസ്തകമോ, പത്രമോ വായിക്കുന്നില്ല, ടി.വി. യോ, സിനിമയോ കാണുന്നില്ല. എവിടെയോ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ സൗഖ്യം ലഭിച്ച കുട്ടികളുടെ വീട്ടിൽ ക്രിസ്തുമസ്, ഈസ്റ്റർ, പുതുവത്സര ആഘോഷങ്ങൾ ഒന്നും ഇല്ല. മരിച്ചവരുടെ വീടുപോലെ ഇരിക്കുന്നു. എത്ര ദുഃഖകരമായ സ്ഥിതി. അതേ വീട്ടിൽ മൂത്ത ചേച്ചിക്കു കല്യാണം നടന്നു മകൻ കല്യാണത്തിനു പങ്കുകൊണ്ടില്ല. വീട്ടിൽ എന്തു നടക്കുന്ന എന്നു അവനറിയില്ല. ഡോക്ടർ, മാതാപിതാക്കളോടു കുട്ടികൾ കളിക്കുന്ന സ്ഥലത്തു കൂട്ടിക്കൊണ്ടുപോയി മറ്റു കുട്ടികളോടു പരിചയപ്പെടാൻ പറയുന്ന. പക്ഷേ മകൻ അതിനു സമ്മതിക്കുന്നില്ല. ഏകദേശം 6 മാസം കഴിഞ്ഞാൽ എല്ലാം നോർമൽ ആകും എന്നു ഡോക്ടർമാർ പറയുന്നു. പക്ഷെ അതിനുശേഷവും അവനു പഠിത്തത്തിൽ ഉത്സാഹം ഉണ്ടാകുന്നില്ല.

ഒരു കുടുംബത്തിൽ വീഡിയോ ഗെയിം കളിച്ച കുട്ടികളുടെ കയ്യിൽ നിന്നു ലാപടോപ് ബന്ധു പിടിച്ചു വാങ്ങിയതുകൊണ്ടു മകൻ അപ്പനെയും അമ്മയെയും അടിച്ചു, ബഹളമുണ്ടാക്കി. മറ്റൊരു വീട്ടിൽ നെറ്റ് കട്ട് ചെയ്തതുകൊണ്ട് മകൻ അപ്പനെ കത്തികൊണ്ടു കുത്തി. മരിച്ചില്ല, മുറിവുണ്ടായി.

മാതാപിതാക്കളെ ഇതുപോലെ പ്രശ്നമുള്ള കുട്ടികൾ നിങ്ങളുടെ വീട്ടിൽ ഉണ്ടെങ്കിൽ ആരംഭത്തിൽ തന്നെ ചികിത്സിക്കുന്നതു നല്ലതാണ്. ചികിത്സക്ക് സമ്മതിക്കാതെ പോയാൽ മരുന്നു ഉള്ളിൽ കൊടുക്കുവാനുള്ള വഴികൾ ഡോക്ടർമാർക്ക് അറിയാം. അങ്ങനെ ചെയ്ത് കുഞ്ഞുങ്ങളെ രക്ഷപ്പെടുത്തുവിൻ. കുട്ടികളുടെ മുൻപിൽ മാതാപിതാക്കളുടെ സാക്ഷ്യം വളരെ പ്രധാനമാണ്. ശാന്തതയും സൗമ്യതയും ശാന്തമായ മറുപടിയും കുഞ്ഞുങ്ങൾ കേൾക്കട്ടെ. പ്രാർത്ഥനയോടു ചെയ്യുവിൻ. ദൈവം കൊടുത്ത കുഞ്ഞുങ്ങളാണ് ദൈവം കൃപ ചെയ്യും നിങ്ങളുടെ തെറ്റുകളെ ദൈവത്തോടു ഏറ്റു പറയുവിൻ കുട്ടികൾ മുഖാന്തരം നഷ്ടപ്പെട്ട സന്തോഷത്തെ ദൈവം തിരികെത്തരും. ഇങ്ങനെയുള്ള കുഞ്ഞുങ്ങൾക്കുവേണ്ടി പ്രത്യേകം എഴുതി എല്ലാ ദിവസവും ഞാൻ പ്രാർത്ഥിക്കുന്നു. ഇത്രയും എഴുതി ഞാൻ എന്റെ എഡിറ്റോറിയൽ അവസാനിപ്പിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ഡോ. പുഷ്പരാജ്**



# യുവാക്കൾക്കും യുവതികൾക്കും പ്രത്യേക ആലോചന

ഡോ. ലിലിയൻ സ്റ്റാൻലി, MBBS, Dch

യുവത്വം മുളയെടുക്കുകയും കൗമാരം പൂവണിയുകയും ചെയ്യുമ്പോൾ ഒരു പെൺമണിയുടെ മനസ്സ് സുന്ദര സ്വപ്നങ്ങൾ കൊണ്ട് നിറയുന്നു. എന്നാൽ ആകർഷണീയതയുടെ മറവിൽ കൂർത്ത മുള്ളുകൾ ഒളിച്ചുവച്ച് മുഖസ്തുതിയുമായി കടന്നുവരുന്ന യുവാക്കളുടെ തന്ത്രങ്ങൾ മനസ്സിലാക്കുവാൻ കഴിയാതെ അവളുടെ കണ്ണുകൾ അന്ധമാകും. എന്റെ പ്രിയ സഹോദരി, മുള്ളുകളെ സൂക്ഷിക്കുക. വിശാലവും ആകർഷകവുമായ ലോകത്തിൽ ഒളിഞ്ഞിരിക്കുന്ന വിപത്തുകളെ വിവേചിക്കുവാനറിയാതെ കൂടിനകത്തു നിന്നും പുറത്തിറങ്ങി പറക്കുവാൻ തുടങ്ങുന്ന ഒരു പക്ഷിയാണ് നീ. പ്രകൃതി അവളുടെ കരങ്ങളെ വിശാലമായി വിരിച്ച് നിന്റെ പ്രാകൃത വികാരങ്ങൾക്ക് സാഫല്യം നൽകുവാൻ, തന്റെ അത്ഭുത ലോകത്തിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അവളുടെ ആശ്വാസപ്രദമായ മാറിടത്തിൽ നീ ചാരുന്നതിന് മുൻപ് അൽപ്പം നിർത്തി, “വഴി ഇതാണ്; ഇതിലൂടെ നടക്കുക” എന്നു പറയുന്ന ദൈവശബ്ദത്തിന് ചെവി കൊടുക്കൂ.

നിരവധി യുവതികൾ മോഹത്തെ സ്നേഹമായി തെറ്റിദ്ധരിച്ച് മൃഗീയ ദുർവികാരങ്ങൾക്ക് ഇരയായിത്തീർന്നിട്ടുണ്ട്. കഷ്ടം! ഒരിക്കലും തിരിച്ചുവരാൻ കഴിയാത്ത വിധത്തിൽ ഒരു പാത പുതുമണ്ണിൽ വെട്ടിത്തുറന്നിരിക്കുന്നു! ഒരു നിഷ്കളങ്ക ജീവിതത്തിൽ മായ്ക്കാനാവാത്ത ചരിത്രം എഴുതിക്കുറിച്ചിരിക്കുന്നു! ‘ബാലൻ (ബാലിക) തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതെങ്ങനെ? ദൈവത്തിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ’. ഈ ഏകവഴിയിലൂടെ മാത്രമേ നിന്നെ കാത്തുസൂക്ഷിക്കാൻ സാധിക്കുകയുള്ളൂ. അർത്ഥവത്തായ

ഗുണപാഠങ്ങളാൽ ശ്രദ്ധേയമായിരിക്കുന്ന ഒരു ഭാഗം പഴയനിയമത്തിലുണ്ട്. 2 ശമുവേൽ 13–ാം അദ്ധ്യായത്തിലാണത്. നിങ്ങളുടെ വേദപുസ്തകത്തിൽ ഈ ഭാഗം ശ്രദ്ധയോടെ വായിച്ചശേഷം ഈ ലേഖനം തുടർന്നു വായിക്കുക.

താമാർ മനോഹരിയായ ഒരു യുവതിയായിരുന്നു. അവളെ പ്രേമിച്ച ഒരു അർദ്ധസഹോദരൻ അവൾക്കുണ്ടായിരുന്നു. അവന്റെ പേര് അമ്നോൻ. അവൻ ഒരു നല്ല ചെറുപ്പക്കാരനും താമാർ ഒരു കന്യകയുമായിരുന്നു. അവൾക്ക് ഒരു ദോഷവും ചെയ്യാൻ അവൻ താൽപ്പര്യമുള്ളവനായിരുന്നില്ല. എന്നാൽ അവൻ അവളിൽ പ്രണയബദ്ധനായിത്തീർന്നു. അമ്നോന്റെ ശേഷക്കാരനും സ്നേഹിതനുമായ യോനാദാബിന് അവനിൽ നിന്നും വാസ്തവം അറിയാൻ ആഗ്രഹമുണ്ടായിരുന്നു. ബുദ്ധിഹീനനായ അമ്നോൻ തനിക്ക് താമാരിലുണ്ടായ പ്രണയം യോനാദാബിനോട് രഹസ്യമായി അറിയിച്ചു. അതുമൂലം തന്റെ സ്നേഹിതനെ യോനാദാബ് വഴി തെറ്റിക്കുകയും അമ്നേൻ അവന്റെ ദുരാലോചന നിവർത്തിക്കുകയും ചെയ്തു. രോഗം നടിച്ച് കിടന്ന അമ്നോൻ തന്റെ പിതാവ് തന്നെ കാൺമാൻ വന്നപ്പോൾ അവന്റെ മുന്നിൽവച്ച് അവൾ ഭക്ഷണം പാകം ചെയ്ത് തനിക്ക് വിളമ്പിത്തരാൻ അനുവാദം നൽകണമെന്ന് പിതാവിനോട് അപേക്ഷിച്ചു. അശ്രദ്ധനും വളരെ ത്വരിതക്കാരനുമായിരുന്ന അവന്റെ പിതാവ് അപേക്ഷ അനുവദിച്ചു. അങ്ങനെ താമാർ വന്ന് അവന്റെ മുമ്പിൽ വെച്ച് ഭക്ഷണം പാകം ചെയ്ത് അവന് വിളമ്പിക്കൊടുത്തപ്പോൾ അവൻ ഭക്ഷിക്കാതിരുന്നു. എല്ലാവരേയും പുറത്തേക്ക് പോകാൻ അവൻ കൽപ്പിച്ചിട്ട് സർവ്വരും പോയി എന്ന് ഉറപ്പായപ്പോൾ ആഹാരം അകത്തെ മുറിയിൽ കൊണ്ടു ചെല്ലാൻ താമാരിനോട് ആവശ്യപ്പെട്ടു. ഇതിനോട് താമാർ എന്തുകൊണ്ട് പ്രതിഷേധിച്ചില്ല എന്ന ചോദ്യം നമുക്ക് പിന്നീട് ചർച്ച ചെയ്യാം. അവന്റെ അപേക്ഷ അനുസരിച്ച് താമാർ അകത്തെ മുറിയിൽ ഒറ്റക്കായപ്പോൾ ലൈംഗിക വേഴ്ചക്ക് അവൻ അവളെ പ്രേരിപ്പിച്ചു.

താമാർ ഒരു സൽഗുണ പൂർണ്ണയായ കന്യകയായിരുന്നു. അതിനാൽ അവൾ വിസമ്മതിച്ച് ഈ മണ്ടത്തരമായ പ്രവൃത്തി ചെയ്യാതിരിക്കാൻ അമ്നോനെ ഉപദേശിച്ചു. ഒരു കന്യകയെ നിർബന്ധിച്ച് കീഴ്പ്പെടുത്തുന്നത് യിസ്രയേലിൽ നിയമലംഘനമായിരുന്നു. എന്നാൽ അമ്നോൻ തന്റെ

പിതാവിനോട് നേരിട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിൽ നിശ്ചയമായും വിവാഹത്തിന് അനുമതി അവന് നൽകുകയും അങ്ങനെ കുറ്റബോധമില്ലാതെ അവർക്ക് ലൈംഗികബന്ധത്തിൽ ഏർപ്പെടുകയും ചെയ്യാമായിരുന്നു. പക്ഷേ, വികാരത്തിന്റെ ഉച്ചകോടിയിൽ ദൈവീക ആലോചനകളും സുബോധ നിർദ്ദേശങ്ങളും അവർ വിലമതിച്ചില്ല. പ്രേമം അന്ധമാണെങ്കിൽ മോഹം ചെകിടതയാണ്! അമ്നോൻ ബലമുള്ളവനാകകൊണ്ട് താമാരിനെ ബലാൽക്കാരം ചെയ്തു അവളോടുകൂടെ ശയിച്ചു. അവന്റെ ലൈംഗിക ആസക്തിയ്ക്ക് ശമനം വന്നപ്പോൾ അവന്റെ മായാമോഹങ്ങൾ അപ്രത്യക്ഷമാവുകയും അവളെ പ്രേമിച്ച പ്രേമത്തെക്കാൾ അധികമായി അവളെ വെറുത്ത് മുറിക്ക് പുറത്താക്കുകയും ചെയ്തു. തനിക്കു നേരെ നടത്തിയ ലൈംഗിക അപരാധത്തെക്കാൾ കടുത്തതാണ് തന്നെ ആട്ടിപുറത്താക്കുന്നത് എന്നു പറഞ്ഞ് ഈ ക്രൂരകൃത്യം തന്നോട് ചെയ്യരുതേ എന്ന് താമാർ കേണപേക്ഷിച്ചെങ്കിലും അവളുടെ യാചനകൾക്ക് ഫലമുണ്ടായില്ല. അവളെ അവന്റെ ഭവനത്തിൽ നിന്നും പുറത്താക്കി. അപ്പോൾ താമാർ തലയിൽ വെണ്ണീർ വാരിയിട്ടു താൻ ധരിച്ചിരുന്ന നിലയങ്കി കീറി, തലയും കയ്യും വച്ച് നിലവിളിച്ചും കൊണ്ടു നടന്നു. അവളുടെ സഹോദരനായ അബ്ശാലോമിന്റെ വീട്ടിൽ ഏകയായി പാർത്ത് സമാധാനം നിലനിർത്തി. തന്റെ സഹോദരിയെ നശിപ്പിച്ചതിന് പകപോക്കലായി പിൽക്കാലത്ത് താമാരിന്റെ സഹോദരൻ അബ്ശലോം അമ്നോന്റെ കഥ കഴിച്ചു.

പ്രിയമുള്ളവരേ, താമാരിന്റെ വിധി നിങ്ങൾക്ക് ഒരു ചുവന്ന ചൂണ്ടു പലകയാകട്ടെ. താമാർ നല്ലവണ്ണം വളർത്തപ്പെട്ടു. അവൾക്ക് ഉയർന്ന ധാർമ്മികമൂല്യങ്ങൽ ഉണ്ടായിരുന്നു. അവൾ നീതിയുള്ളവളായിരുന്നു. ബുദ്ധിമതിയും വേഗത്തിൽ വഴങ്ങുന്നവളുമല്ലായിരുന്നു. അവൾക്ക് ബലമായ ഇച്ഛാശക്തിയുണ്ടായിരുന്നു: ഇസ്രായേലിന്റെ നിയമങ്ങളും അവൾക്കറിയാമായിരുന്നു. എന്നാൽ അവളുടെ പാളിച്ച എന്തായിരുന്നു? അവൾ തീരെ നിഷ്കളങ്കയായിരുന്നു എന്നതായിരുന്നു താമാരിന്റെ കുറ്റം. മറ്റൊരു ഭാഷയിൽ താമാർ അറിവില്ലാത്തവളായിരുന്നു. അവളുടെ സഹോദരന്റെ മുഖസ്തുതി കേട്ടിട്ടായിരിക്കാം അവന്റെ താൽപ്പര്യത്തിന് ആഹാരം പാകം

ചെയ്യാൻ പോയത്. അമ്നോൻ മറ്റെല്ലാവരെയും പുറത്താക്കാൻ കൽപ്പിച്ചപ്പോഴും അവൾ ഒരു വാക്കും ഉരിയാടിയില്ല. അവനോടൊപ്പം താമാർ അകത്തെ മുറിയിലേക്ക് വരാൻ അമ്നോൻ ആവശ്യപ്പെട്ടപ്പോഴും അവൾ പ്രതിഷേധിക്കാതെ അവനെ അനുസരിച്ചു. അവളുടെ പ്രേമഭാജനത്തെ പ്രീതിപ്പെടുത്താൻ അവൾ ദീർഘദൂരം യാത്ര ചെയ്തു. എന്നാൽ അവന്റെ താൽപ്പര്യങ്ങൾ അവൾ മനസ്സിലാക്കിയപ്പോൾ അവനെ അൽപ്പം ദൂരത്തിൽ നിർത്തി അവന്റെ കൂട്ടുകെട്ട് ആസ്വദിക്കാമെന്ന് അവൾ കരുതി. വിവാഹത്തിന് മുൻപ് ലൈംഗികബന്ധം പുലർത്തുന്നത് 'അപമാനമെന്ന്' അഴൾ കണക്കാക്കിയിരുന്നു (2 ശമു. 13:13). പക്ഷേ, അപ്പോഴേക്കും അവൾ രക്ഷപ്പെടാൻ കഴിയാതവണ്ണം കുടുക്കിനുള്ളിൽ വീണു കഴിഞ്ഞിരുന്നു. അവൾ അതിനു വഴങ്ങി. ഈ സംഭവത്തിനുശേഷം അമ്നോൻ നിശ്ചയമായും അവളെ തന്റെ ഭാര്യയായി സ്വീകരിക്കുമെന്നും അങ്ങനെ എല്ലാം ശുഭമാകുമെന്നും അവൾക്ക് ഉറപ്പുണ്ടായിരുനനു. അത് യിസ്രയേലിലെ നിയമമായതിനാൽ അങ്ങനെ സംഭവിക്കാതിരിക്കാൻ അവൾ ന്യായവും കണ്ടില്ല (ആവ. 22:28,30). പുറത്തിറങ്ങാൻ ആവശ്യപ്പെട്ടപ്പോൾ ആഘാതമേറ്റ് അവൾ പറയുന്ന കുറിവാചകത്തിൽ നിന്ന് ഇത് മനസ്സിലാക്കാം. "നീ എന്നോട് ചെയ്ത മറ്റേ ദോഷത്തേക്കാൾ എന്നെ പുറത്താക്കിക്കളയുന്ന ഈ ദോഷം ഏറ്റവും വലിയതായിരിക്കുന്നു". അമ്നോന്റെ പ്രവൃത്തികൾക്കു പിന്നിൽ യഥാർത്ഥ സ്നേഹമല്ല, മറിച്ച് അവന്റെ കാമമോഹാസക്തികളാണ് എന്ന് അപ്പോൾ മാത്രമാണ് അവൾ ഗ്രഹിച്ചത്. കഷ്ടം! അത് തീരെ താമസിച്ചു പോയി. അന്തിമമായി പുറത്തിറങ്ങാൻ വിസമ്മതിക്കുകയല്ലാതെ അവൾക്ക് മറ്റൊന്നും ചെയ്യാൻ കഴിഞ്ഞില്ല. എന്നാൽ അവളെ പുറത്താക്കി വാതിൽ അടച്ചു. ഒരു മനോഹര കന്യകയുടെ ദുരന്തകഥ! അവളുടെ സുന്ദര സ്വപ്നങ്ങളുടെ ഇതളുകൾ കൊഴിഞ്ഞ് ഇലകൾ പോയി മുള്ളുനിറഞ്ഞ തണ്ടുമാത്രം അവശേഷിച്ചു. മുള്ള് കുത്തിക്കയറി.... താക്കീത് നൽകാനല്ല. മറിച്ച്, ഉപദ്രവമേൽക്കുവാൻ, അവൾ തലയിൽ വെണ്ണീർ വാരിയിട്ടി കന്യകാദശയിൽ അപമാന വസ്തുവായി, താൻ ധരിച്ചിരുന്ന നിലയങ്കി കീറി, തലയിൽ കയ്യ് വച്ച് നിലവിളിച്ചുകൊണ്ട് നടന്നു. ഒരു സ്ത്രീ എന്ന നിലയ്ക്ക് അവൾക്ക്

മറ്റെന്താണ് കൂടുതലായി ചെയ്യാൻ സാധിക്കുമായിരുന്നത്? അവളുടെ സഹോദരന്റെ വീട്ടിൽ ഏകാകിയായി പാർത്ത് സമാധാനം നിലനിർത്തി എന്നതാണ് ഈ കഥയിലെ ഏറ്റവും ദുഃഖകരമായ ഭാഗം. അതായിരുന്നു അവളുടെ അന്തിമവിധി.

എന്റെ പ്രിയ സഹോദരീ, താമാരിനെപ്പോലെ നീ അറിവില്ലാത്തവൾ ആയിരിക്കരുത് എന്ന് എനിക്ക് താൽപ്പര്യമുണ്ട്. നീ ജീവിക്കുന്ന ഈ ലോകത്തെ നല്ലവണ്ണം മനസ്സിലാക്കിയിരിക്കണം. ഒരു മനുഷ്യന്റെ ലൈംഗിക ആസക്തി ഒരു സ്ത്രീയുടേതിനേക്കാൾ അത്യധികം ശക്തിയേറിയതാണെന്ന് താമാർ മനസ്സിലാക്കിയിരു ന്നെങ്കിൽ അവൾക്ക് ഈ ആപത്ത് വരുത്തിവയ്ക്കില്ലായിരുന്നു. വാസ്തവം ഇതാണ്. ഒരു സ്ത്രീ ലൈഗികമായി പൊതുവെ ശാന്തശീലയാണ്. അവളുടെ വികാരങ്ങൾ ലഘുവും അതിൽ പലതും ഭാവനകളിൽതന്നെ തൃപ്തിയടയുന്നവയുമാണ്. മറിച്ച്, ഒരു പുരുഷൻ ശക്തിയേറിയ ലൈംഗികാസക്തിയുള്ളവനും, ഒരു സ്ത്രീയിൽ നിന്നുള്ള സ്നേഹഭാവത്തിലുള്ള നോട്ടമോ ചിരിയോ പോലുള്ള ചില്ലറ പ്രവൃത്തികളാൽ കുതിച്ചുയരുന്നതുമാണ്. അവൻ സ്ത്രീയെക്കാൾ വേഗത്തിൽ ലൈംഗീക വികാരദൗത്യം പ്രാപിക്കയും തന്റെ വികാരത്തിന്മേൽ തീരെ നിയന്ത്രക്കുറവുള്ളവനുമാണ്. സാധിക്കുമെങ്കിൽ എന്തുവില കൊടുത്തും അവൻ തന്റെ വികാരശമനം വരുത്തുന്നു. ലൈംഗിക വേഴ്ചയ്ക്കുശേഷം അവൻ സമ്പൂർണ്ണ തൃപ്തിയായി വിശ്രമിക്കുമ്പോൾ സ്ത്രീയുടെ വികാരശമനം വളരെ സാവകാശമാണ് സംഭവിക്കുന്നത്. സ്നേഹിക്കപ്പെടുകയും കരുതപ്പെടുകയുമാണ് സ്ത്രീയുടെ താൽപ്പര്യം. അതു കൂടാതെയുള്ള ലൈംഗികബന്ധം അവൾ തീരെ ആസ്വദിക്കുന്നില്ല. അതിനാൽ ഒരു പെൺകുട്ടി ഒരിക്കലും ഒരു ആൺകുട്ടിയോട് അത്ര അധികം അടുത്ത് പെരുമാറരുത്. അവനോട് ഒറ്റക്കിരിക്കുന്നത് എന്തുവില കൊടുത്തും ഒഴിവാക്കേണ്ടതാണ്. യുവത്വകാല മോഹങ്ങളിൽ നിന്ന് വിരഞ്ഞോടുവാൻ അപ്പോസ്തലനായ പൗലൊസ് യുവാക്കളെ ഉപദേശിക്കുന്നു (2 തിമൊ. 2:22) "സ്വയം നിയന്ത്രണം" എന്നതിൽ കരുതൽ വേണം. നെഞ്ചത്ത് തീക്കനൽ സ്ഥാപിച്ചിട്ട് പൊള്ളാതിരിക്കണമെന്ന് വിചാരിക്കുന്നതുപോലെയാണിത്. ആൺകുട്ടിയുടെ

പെരുമാറ്റം സ്നേഹമാണെന്ന് പലപ്പോഴും പെൺകുട്ടികൾ തെറ്റിദ്ധരിക്കുന്നു. എന്നാൽ വാസ്തവത്തിൽ അത് കേവലം ജഡമോഹമാണ്. ആ അവസ്ഥയിൽ ആ സംഗതിയെ ചെറുത്തില്ലെങ്കിൽ അത് ശരീരസ്പർശനത്തിലേക്ക് മുന്നേറുന്നു. ശരീരസ്പർശനത്തിന് ഒരു പെൺകുട്ടി വഴി നൽകിയാൽ ആ ആൺകുട്ടി അവളിൽ ഒരു സമ്പൂർണ്ണ ലൈംഗികാനുഭൂതിക്കുവേണ്ടി എപ്പോഴും അവസരം ആരാഞ്ഞുകൊണ്ടിരിക്കും. തന്റെ യുവസ്നേഹിതനെ അപ്രീതിപ്പെടുത്തുന്നതിലുള്ള ഭയവും അവനെ നഷ്ടമാകുമെന്ന വിചാരവും അവന്റെ ഉപയോഗത്തിനായി തന്റെ ശരീരത്തെ അവൾ സൗജന്യമായി വിധേയപ്പെടുത്തുന്നു. എന്നാൽ യഥാർത്ഥ സ്നേഹം മറ്റേ പങ്കാളിക്ക് ആപത്ത് സംഭവിക്കുന്നതിൽ ഒരിക്കലും ആനന്ദിക്കുകയില്ല.

ജഡമോഹത്തെ ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്. ഒരു സ്നേഹഭാവനോട്ടം, വികാരമുണർത്തിക്കുന്നവേഷം എന്നിവയാണ് കുഴപ്പം സൃഷ്ടിക്കാൻ ശ്രദ്ധ ക്ഷണിക്കുന്നത്. നിങ്ങൾക്കുവേണ്ടി നിങ്ങൾ തന്നെ കുഴി കുഴിക്കരുത്. അത്തരക്കാരായ പെൺകുട്ടികളെ പുരുഷന്മാർ ഒരിക്കലും ബഹുമാനിക്കാറില്ല; പ്രത്യുത, തങ്ങളുടെ നിർവൃതിക്കുവേണ്ടി മാത്രം അവരെ ഉപയോഗിക്കുന്നു. **പുരുഷന്മാരാൽ നിങ്ങൾ ബഹുമാനിക്കപ്പെടണമെങ്കിൽ അവരെ ഒരു ദൂരത്തിൽ നിറുത്തുക**. ഒരിക്കലും ഒരിക്കലും നിങ്ങളുടെ വിവാഹം വളരെ വിദൂരത്തിലല്ലെന്ന് വിചാരിക്കരുത്. താമാരിന്റെ വിധി കാണുക. അവൾ അത് കണക്കുകൂട്ടിയെങ്കിലും അവൾ അതിൽ ശോചനീയമായി നിരാശപ്പെട്ടു. ഒരിക്കലും അപകരടത്തിൽ എടുത്ത് ചാടരുത്. താമാരിനെപ്പോലെ നിങ്ങളും ഏകാകിയായി സമാധാനം കാത്തു കൊള്ളേണ്ടിവരും. ആരോടാണ് നിങ്ങൾക്ക് അപമാനം പങ്കുവയ്ക്കാൻ സാധിക്കുന്നത്? ഏകാകിയായി എങ്ങനെ കഴിയും? നിഷ്കളങ്കത്വവും അറിവില്ലായ്മയും ലൈംഗികതയെ സംബന്ധിച്ച് മണ്ടത്തരമാണ്. **പുരുഷന് ഒന്നും തന്നെ നഷ്ടപ്പെടുന്നുമില്ല**. എന്നാൽ **സ്ത്രീയെ സംബന്ധിച്ചോ (1) ചാരിത്രം നഷ്ടമാകുന്നു; (2) സമാധാനം നഷ്ടമാകുന്നു; (3) ശോഭനഭാവി നഷ്ടമാകുന്നു**.

സാന്ദർഭികമായി നമുക്ക് മറ്റ് ചില ഗുണപാഠങ്ങളും ഈ കഥയിൽ നിന്ന്

ലഭിക്കുന്നു. **ദൈവബന്ധമില്ലാത്ത സ്നേഹിതരോട് നിങ്ങളുടെ രഹസ്യങ്ങൾ പങ്കിടുന്നത് മണ്ടത്തരമാണ്**. ഒന്നുകിൽ നിങ്ങളുടെ മാതാപിതാക്കളോടോ അഥവാ അതിൽ അൽപ്പം പരിഭവം തോന്നിയാൽ, ദൈഭവയമുള്ള ഒരു സ്നേഹിതയോടോ ഒരു ദൈവവേലക്കാരിയോടോ നിങ്ങൾ പങ്കിടുവിൻ. ദൈവബന്ധമില്ലാത്ത സ്നേഹിതർ യോനാദാബിനെപ്പോലെ നിങ്ങളുടെ ജഡമോഹത്തെ പ്രോത്സാഹിപ്പിക്കയും നിങ്ങളുടെ ഭാവിയെ അപകടപ്പെടുത്തുകയും ചെയ്യും. ആ സംഭവം മുതൽക്കേ അമ്നോനെ കൊല്ലാനുള്ള അബ്ശലോമിന്റെ ഗൂഢാലോചന ദാവീദിന് അറിയാമായിരുന്നിട്ടും  അവനെ താക്കീത് ചെയ്യാൻ അവൻ കൂട്ടാക്കിയില്ല. അമ്നോന്റെ കൊല സംഭവിച്ചപ്പോൾ അവന് ഒരു കുലുക്കവും ഇല്ലാതിരുന്നതിൽ ഒട്ടും അതിശയിക്കാനില്ല (2 ശമു. 13:32).

**ഈ കഥയിൽ മാതാപിതാക്കൾക്കും ഒരു താക്കീതുണ്ട്**. 2 ശമുവേൽ 11, 12 എന്നീ അദ്ധ്യായങ്ങളിൽ ബെത്ത്-ശേബയുമായുള്ള ദാവീദിന്റെ പാപത്തെക്കുറിച്ച് നാം വായിക്കുന്നു. "നിന്റെ സ്വന്തഗൃഹത്തിൽ നിന്നു ഞാൻ നിനക്ക് അനർത്ഥം വരുത്തും" എന്നതായിരുന്നു അവന്റെ പാപത്തിന് മേൽ ദൈവശാപം (2 ശമു. 12:11). ഇത് തൽക്ഷണത്തിൽ, 13-ാം അദ്ധ്യാത്തിൽ നിറവേറിയിരിക്കുന്നു. ഈ പാപം ദൈവനാമത്തിന് വലിയ അപമാനം വരുത്തിയതിനാൽ ദൈവത്തിന് സഹിച്ചു നിൽക്കാൻ സാധിച്ചില്ല (2 ശമു. 12:14). താമാരിനെ അമ്നോനുവേണ്ടി പാപം ചെയ്യാൻ അനുവദിച്ചത് ദാവീദിന്റെ സൂക്ഷ്മതയില്ലായ്മയെ പ്രദർശിപ്പിക്കുന്നു. അതിനെ അവിടെത്തന്നെ അവൻ ചെറുക്കണമായിരുന്നു. അവന്റെ സമ്മതത്തോടു കൂടെ തന്നെ അവന്റെ മക്കൾ അതിർവരമ്പുകൾ ലംഘിച്ചപ്പോൾ അവൻ കോപിച്ചെങ്കിലും തീരെ വൈകിപ്പോയി (13:21). അവൻ അവിടെ നിർത്തരുതായിരുന്നു. **യിസ്രായേൽ നിയമാനുസരണം തന്റെ മകനെ അവൻ ശിക്ഷിക്കേണ്ടിയിരുന്നു**. മറിച്ച് ദൈവകോപം തന്റെ മകനിൽ വന്നുചേരുവാൻ അവൻ അനുവദിച്ചു. മിക്ക മാതാപിതാക്കളുടേയും പാളിച്ച ഇതാണ്. അവർ തങ്ങളുടെ മക്കളെ ആരംഭത്തിൽ നിയന്ത്രിക്കുന്നില്ല. **നിരന്തരമായ ശ്രദ്ധയും ഉപദേശവും 12 വയസ്സിൽ തന്നെ ആരംഭിക്കണം**. ചോദ്യം ചെയ്യപ്പെടാവുന്ന ഏതൊരു

ഉപദേശവും 12 വയസ്സിൽ അപ്പോഴപ്പോൾ തന്നെ **തടഞ്ഞോ ശിക്ഷിച്ചോ കൈകാര്യം** ചെയ്യണം. വളരെ സ്വതന്ത്രമായി പോകാൻ അനുവദിച്ചിട്ട് ബോധിച്ച സയമത്ത് ഭവനത്തിൽ മടങ്ങിയെത്തുമ്പോൾ കോപിച്ചിട്ട് കാര്യമില്ല. സിനിമ കാണാൻ മക്കളെ അനുവദിച്ചും, ഭവനത്തിൽ മോശമായ പുസ്തകങ്ങൾ വരുത്തിയും ഇതോടൊപ്പം ഇന്നത്തെക്കാലത്ത് മൊബൈൽ, ലാപ്ടോപ്, കമ്പ്യൂട്ടർ ഇവയെ ഉപയോഗിക്കുന്ന കുട്ടികൾ ഇവയിൽ എന്തുകാണുന്നു, ആരോടാണ് ചാറ്റിംഗ് ചെയ്യുന്നത് ഇതൊക്കെ ശ്രദ്ധിക്കാതെ പോയാൽ നമ്മുടെ കുഞ്ഞുങ്ങൾ പാപത്തിൽ വീണു പോകുന്നത് അറിയാതെ പോകും. ലൈംഗിക കുറ്റങ്ങളിൽ ഏർപ്പെടാൻ ഈ കാലത്തെ മാതാപിതാക്കന്മാർ അക്ഷരീകമായി പ്രോത്സാഹിപ്പിക്കുന്നു. ഇതെല്ലാമാണ് ലൈംഗിക കുറ്റത്തിനുള്ള വിത്തുകൾ, ചില മാതാപിതാക്കന്മാർക്ക് പെൺമക്കളില്ലാതെ ആൺമക്കൾ മാത്രമുള്ളതിനാൽ വളരെ സ്വതന്ത്രമായും നിയന്ത്രണമറ്റും അവർ ചിന്തിച്ചു പോരുന്നു. എന്നാൽ ഒരു പെൺകുട്ടി പ്രാരംഭത്ത് കഷ്ടപ്പെടുന്നുവെങ്കിൽ ഒരു ആൺകുട്ടി പിൽക്കാലത്ത് കഷ്ടപ്പെടുന്നു എന്ന് ഓർക്കുക. അമ്നോന്റെ ഭാവിപോലെ ആൺകുട്ടിയുടെ ഭാവിയും തീരുമാനിക്കപ്പെട്ടിരിക്കുന്നു.

**“യൗവനക്കാരാ, (യൗവനക്കാരീ) നിന്റെ യൗവനത്തിൽ സന്തോഷിക്ക, യൗവനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ; നിനക്കു ഇഷ്ടമുള്ള വഴികളിലും നിനക്കു ബോധിച്ചവണ്ണവും നടന്നു കൊൾക; എന്നാൽ ഇവ ഒക്കെയും നിമിത്തവും ദൈവം നിന്നെ ന്യായവിസ്താരത്തിലേക്കു വരുത്തും എന്നറിക”** (സഭാ. പ്ര. 11:9).


## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

| | |
|---|---|
| IFSC CODE - IFSC SBIN0001970 -10764116842 | **A/C No: 10764116842** |
| SWIFT CODE - SBININBB300 | **A/C No: 10764116842** |

**CANARA BANK - SALEM** (SURAMANGALAM BRANCH)

| | |
|---|---|
| IFSC CODE - IFSC CNRB0001219- 1219101013622. | **A/C No: 1219101013622.** |
| SWIFT CODE - CNRB0001219 -1219101013622. | **A/C No: 1219101013622.** |

## പൗലൊസ് പറഞ്ഞത്....

1 കൊരി. 14:5 നിങ്ങൾ എല്ലാവർക്കും അന്യഭാഷകളിൽ സംസാരിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞാൽ നിങ്ങൾ എല്ലാപേരും അന്യഭാഷയിൽ സംസാരിക്കണം എന്നല്ല. 1 കൊരി. 7:7,8 നിങ്ങൾ എല്ലാവരും എന്നെപ്പോലെ വിവാഹം ഇല്ലാതിരിക്കാൻ ആഗ്രഹിക്കുന്നു. ഇതിന്റെ അർത്ഥം സഭയിലുള്ള പാസ്റ്റർ മുതൽ വിശ്വാസികൾ വരെ വിവാഹം ചെയ്യാതിരിക്കണം എന്നല്ല. തെറ്റിദ്ധരിക്കരുത്.

ചിലർ ചെയ്യുന്ന തെറ്റ് എന്തെന്നാൽ ഒരു വിഷയത്തെ മറ്റു വചനങ്ങളോടു താരതമ്യപ്പെടുത്തി വചനങ്ങളെ മനസ്സിലാക്കുന്നില്ല. അതുകൊണ്ടു ഉപദേശങ്ങൾ മാറിപ്പോകുന്നു.

**സാക് പുന്നൻ**

**DECEMBER -2022**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.